# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 6190 — 31-10-2011-ൽ മറുപടിക്ക്

## മസ്ദൂർ - ലൈൻമാൻ തസ്തികകളിലെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. ടി. എം. തോമസ് ഐസക് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |

(എ) മസ്ദൂർ-ലൈൻമാൻ തസ്തികകളിലെ ഒഴിവുകൾ മുഴുവൻ നികത്തിയും താഴ്ന്ന വിഭാഗങ്ങളിൽ കൂടുതൽ തസ്തികകൾ സൃഷ്ടിച്ചും കെ. എസ്. ഇ. ബി. യുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എ) മസ്ദൂർ-ലൈൻമാൻ തസ്തികകളിലെ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചു വരുന്നു. ആവശ്യകത പരിശോധിച്ച ശേഷം മാത്രമേ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കാനാവുകയുള്ളൂ.

(ബി) സംസ്ഥാനത്ത് മസ്ദൂർ-ലൈൻമാൻ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) മസ്ദൂർ തസ്തികയിൽ പി.എസ്.സി. മുഖേന നേരിട്ട് നിയമനം നടക്കുന്നതിലേയ്ക്കായി 357 ഒഴിവുകൾ ഇതിനകം തന്നെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് കൂടാതെ നിലവിൽ മസ്ദൂർമാരുടെ 704 ഒഴിവുകൾ ഉണ്ട്. ഇത് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം പാലക്കാട് ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ അവാർഡ് നടപ്പാക്കുന്നതിലേയ്ക്കായി ആവശ്യമുള്ള 1061 ഒഴിവുകളിലേക്ക് നീക്കിവച്ചിരിക്കുകയാണ്. ഈ വിവരം പി.എസ്.സി.യെ അറിയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ഒഴിവുകളുടെ ജില്ലതിരിച്ചുള്ള കണക്ക് ഉള്ളടക്കം ചെയ്യുന്നു.

| ജില്ല | പി.എസ്.സി.യെ അറിയിച്ചിട്ടുള്ള 357 ഒഴിവുകളുടെ കണക്ക് | ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പ്രകാരം അറിയിച്ചിട്ടുള്ള ഒഴിവുകൾ |
|---|---|---|
| കൊല്ലം | 0 | 93 |
| പത്തനംതിട്ട | 0 | 102 |
| ആലപ്പുഴ | 0 | 30 |
| കോട്ടയം | 0 | 78 |
| ഇടുക്കി | 6 | 80 |

| | | |
|---|---|---|
| എറണാകുളം | 0 | 94 |
| തൃശൂർ | 143 | 109 |
| പാലക്കാട് | 72 | 0 |
| മലപ്പുറം | 0 | 88 |
| കോഴിക്കോട് | 95 | 0 |
| വയനാട് | 6 | 0 |
| കണ്ണൂർ | 35 | 0 |
| കാസർഗോഡ് | 0 | 30 |
| ആകെ | 357 | 704 |

ലൈൻമാൻ തസ്തികയിൽ 520 ഒഴിവുകളുണ്ട്. ഒഴിവുകൾ ജില്ലാടിസ്ഥാനത്തിലല്ല കണക്കാക്കി വരുന്നത്.

(സി) താഴ്ന്ന തസ്തികകളിൽ കൂടുതൽ നിയമനം നടത്തി ബോർഡിന് ലാഭകരമായ പ്രവർത്തനങ്ങൾ നല്ല നിലയിൽ നടത്തുന്നതിന് നടപടി ഉണ്ടാകുമോ?

(സി) നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ